nishings
me of decorations
ayak's Road,
Co-op. Bank,
Tel: 04994-222831

മാതൃഭൂമി

15-11-2007

15 വ്യാഴാഴ്ച

Mathrubhumi, The National Daily in Malayalam

Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi

### ചികിത്സാ രീതിക്ക് അന്താരാഷ്ട്ര പരിഗണന

# ആയിരങ്ങൾക്ക് പ്രതീക്ഷയേകി കാസർകോടിൻെറ മന്തുരോഗ ഗവേഷണം

കെ.സജീവൻ

**കാസർകോട്:** ഡോക്ടർ, ഏറെക്കാലത്തിനുശേഷം വേദനയോ ബുദ്ധിമുട്ടോ ഇല്ലാതെ കുളിക്കാൻ ഇന്നെനിക്ക് സാധിച്ചു, നന്ദിയുണ്ട്. കൊല്ലം സ്വദേശിയായ 24 കാരൻ ഡോ. നരഹരിയുടെ മുന്നിൽ വിതുമ്പി.

ഇരുപത് വർഷമായി മന്ത് എന്ന ദുരിതവും പേറി ജീവിച്ച ഈ യുവാവിൻെറ ഇടതുകാലിൻെറ ഭാരം ചികിത്സയ്ക്കെത്തുമ്പോൾ 18 കിലോഗ്രാമായിരുന്നു. സമഗ്ര ചികിത്സയിലൂടെ മന്തിനെ തളക്കാൻ ശ്രമിക്കുന്ന കാസർകോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമറ്റോളജിയിലെ ഡോ. നരഹരിയുടെയും സംഘത്തിൻെറയും വിജയകരമായ പരിശ്രമങ്ങളെക്കുറിച്ച് 2005 ആഗസ്റ്റ് 5ന് മാതൃഭൂമി വാർത്ത നല്കിയിരുന്നു. വാർത്തയും പിറ്റേദിവസം പ്രസിദ്ധീകരിച്ച മുഖപ്രസംഗവും കണ്ട് കാസർകോട്ടെത്തിയ അനേകം പേരിൽ ഒരാളായിരുന്നു ഈ കൊല്ലം സ്വദേശി. ചികിത്സ കഴിഞ്ഞ് മടങ്ങുമ്പോൾ യുവാവിൻെറ കാലിൻെറ ഭാരം ആറു കിലോയായി കുറഞ്ഞു.

## ഇന്ന് മന്ത് രോഗ നിവാരണ ദിനം

വികൃതമായ കാലും ദുർഗന്ധവും കാരണം സമൂഹത്തിലും വീട്ടിലും ഒറ്റപ്പെട്ട യുവാവിൻെറ മുറിയിലേക്ക് നഴ്സായ പെറ്റമ്മ പോലും പോയിരുന്നില്ല. സ്കൂൾ അധ്യാപകനായ അച്ഛനായിരുന്നു സാന്ത്വനം. ഇനി അമ്മയ്ക്ക് മകനെ അവഗണിക്കാനാവില്ല. ദൈവത്തിന് നന്ദി പറഞ്ഞു ആ പിതാവ്.

മാതൃഭൂമി വാർത്തയെ തുടർന്ന് സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി രണ്ടുവർഷത്തിനിടെ 345 പേർ ചികിത്സ തേടി. 700 പേർ രജിസ്റ്റർചെയ്ത് ചികിത്സയ്ക്കായി കാത്തിരിക്കുന്നു.

അലോപ്പതി, ആയുർവേദ, ഹോമിയോ, യോഗ എന്നിവ സമന്വയിപ്പിച്ച് നടത്തുന്ന മന്തുരോഗ പ്രതിരോധ ഗവേഷണത്തെക്കുറിച്ചറിഞ്ഞ വിദേശത്തെ ആരോഗ്യ വിദഗ്ധർ കാസർകോട്ടെത്തി. കാര്യങ്ങൾ കണ്ടുമനസ്സിലാക്കിയ അവർ പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. മന്തുരോഗ ഗവേഷണങ്ങൾ ക്രോഡീകരിക്കുന്ന അമേരിക്കയിലെ 'ഇൻറർനാഷണൽ സൊസൈറ്റി ഓഫ് ലിംഫോളജി'യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ ലിംഫോളജിയിൽ ഈ കാസർകോടൻ ചികിത്സയെക്കുറിച്ച് മുഖപ്രസംഗം വന്നു. ബ്രിട്ടീഷ് ജേണലായ 'ലിംഫഡിമ'യിലും വന്നു മുഖപ്രസംഗം. കുറഞ്ഞ ചെലവിലുള്ള ഈ പൗരസ്ത്യ ചികിത്സാരീതി ഫലപ്രാപ്തി തരുന്നുണ്ടെന്നും ലോകമെമ്പാടും പരിഗണിക്കപ്പെടേണ്ടതാണെന്നുമായിരുന്നു മുഖപ്രസംഗങ്ങൾ.

എന്നാൽ, സ്വന്തം നാട്ടിൽ നടക്കുന്ന ഈ ഗവേഷണത്തെ കേരള സർക്കാർ ഇപ്പോഴും കാര്യമായെടുത്തിട്ടില്ല. ഐ.എ.ഡി. കഴിഞ്ഞ ഫിബ്രവരിയിൽ കാസർകോട്ട് നടത്തിയ അന്തർദേശീയ മന്തുരോഗ സെമിനാർ ഉദ്ഘാടനംചെയ്ത ആരോഗ്യമന്ത്രി പി.കെ.ശ്രീമതി സമഗ്ര ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുമെന്നും ഗവേഷണത്തിന് ധനസഹായം നല്കുമെന്നും പ്രഖ്യാപിച്ചിരുന്നു. പതിവുള്ള ഒരു സർക്കാർ വാഗ്ദാനമായി അതിന്നും നിലനില്ക്കുന്നു.



കാസർകോട് ഐ.എ.ഡി.യിൽ സമഗ്ര ചികിത്സയ്ക്ക് വിധേയനായ രോഗിയുടെ ചികിത്സാ പുരോഗതിയുടെ ദൃശ്യങ്ങൾ
(1) 2004 ആഗസ്റ്റ് 8ന് ചികിത്സ തുടങ്ങിയപ്പോൾ. (2) ഒരു വർഷത്തിനുശേഷം 2005 ആഗസ്റ്റ് 24ലെ അവസ്ഥ.
(3) 2006 ആഗസ്റ്റ് 27ലെ അവസ്ഥ.

പാവപ്പെട്ട തീരദേശവാസികളാണ് രോഗികളിൽ ഏറെയും. അയൽക്കൂട്ടം മാതൃകയിൽ ചികിത്സാരീതി ഇവർക്കിടയിൽ പ്രചരിപ്പിക്കാനാണ് ഡോ. നരഹരിയുടെ ശ്രമം. കാസർകോട്ടുനിന്ന് ചികിത്സയും പരിശീലനവും നേടുന്ന രോഗി സ്വന്തം വീട്ടുപരിസരത്തെ രോഗികൾക്ക് ഇത് പകർന്നുനല്കുന്ന സമ്പ്രദായം വികസിപ്പിക്കാനാണ് ഉദ്ദേശ്യം.

രോഗത്തിൻെറ കാഠിന്യമനുസരിച്ച് 5000 മുതൽ 20000 രൂപ വരെ ചെലവുവരുന്നതാണ് ചികിത്സ. പാവപ്പെട്ട എട്ട് രോഗികളുടെ ചികിത്സച്ചെലവ് ചില മനുഷ്യസ്നേഹികളും മരുന്നുകമ്പനികളും വഹിക്കുന്നുണ്ട്.

രോഗികൾക്ക് കുറഞ്ഞ ചെലവിൽ ബാൻഡേജ് നല്കാനെങ്കിലും അധികൃതർ ശ്രമിക്കുമെന്ന് കരുതാം-ഡോ. നരഹരി പ്രതീക്ഷ കൈവിടുന്നില്ല. (ഡോ. നരഹരിയുമായി ബന്ധപ്പെടാനുള്ള നമ്പർ 9447929920).